**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5223** **12-08-2021 - ൽ മറുപടിയ്ക്ക്**

**ട്രഷറികളുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ട്രഷറികളുടെ പുനരുദ്ധാരണത്തിനും പുതിയവ നിർമ്മിക്കുന്നതിനും ഡി.പി.ആർ. തയ്യാറാക്കാൻ ധനകാര്യവകുപ്പ് ചുമതലപ്പെടുത്തിയിരുന്ന ഏജൻസികൾ ഏതെല്ലാമായിരുന്നു; വ്യക്തമാക്കാമോ; | (എ) | 2011 - 2014, 2016 - 2020 എന്നീ കാലഘട്ടങ്ങളിൽ നടന്ന ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണപ്രവൃത്തികൾക്ക് പ്രധാനമായും ഇൻകെൽ ലിമിറ്റഡിനെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. കൂടാതെ സിവിൽ സ്റ്റേഷനിൽ സ്ഥലം അനുവദിച്ച പൊൻകുന്നം, ഹരിപ്പാട്, മുളന്തുരുത്തി , തൃപ്രയാർ എന്നീ ട്രഷറിയുടെ ഫർണിഷിങ് ജോലികൾ ARTCO LTDമുഖേനെയാണ് നിർവ്വഹിച്ചിട്ടുള്ളത് . ട്രഷറി ഡയറക്ടറേറ്റിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. നിർമ്മാണ കാലതാമസം കാരണം പുതിയ നിർമ്മാണ പ്രവർത്തികളൊന്നും തന്നെ INKEL Ltd. -ന് നൽകേണ്ടതില്ല എന്ന സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഭരണാനുമതി ലഭ്യമായിട്ടുള്ളതും പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിച്ചു കിട്ടിയതുമായ 14 ട്രഷറിയുടെ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കായി പുതിയ ഒരു അക്രഡിറ്റഡ് ഏജൻസിയെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. |
| (ബി) | കെട്ടിട നിർമ്മാണത്തിന് ബജറ്റിൽ ഇരുപതുശതമാനം തുക വകയിരുത്തിയ ട്രഷറികളുടെ നിർമ്മാണത്തിന് മുന്നോടിയായി ഡി.പി.ആർ. തയ്യാറാക്കാൻ ധനവകുപ്പ് ഏജൻസികളെ നിശ്ചയിച്ച് ഉത്തരവിറക്കുമോ; വിശദമാക്കാമോ; | (ബി) | ഉത്തരവിറക്കിയിട്ടില്ല. |
| (സി) | കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ 2021-22 ലേക്കുള്ള ബജറ്റിൽ ഇരുപതുശതമാനം തുക വകയിരുത്തിയത് വകുപ്പിന്റെ ശ്രദ്ധയിൽ | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . കൊയിലാണ്ടി സബ് ട്രഷറി പ്രവർത്തിച്ചു വരുന്ന ശോച്യാവസ്ഥയിലുള്ള കെട്ടിടം നിലവിൽ സ്ഥിതി ചെയ്യുന്നതും റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതുമായ 4 ആർ സ്ഥലം പുതിയ |

| | | | |
|---|---|---|---|
| | വന്നിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. വകുപ്പിന്റെ മുൻ ബജറ്റിൽ തന്നെ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | | കെട്ടിടം നിർമ്മിക്കുന്നതിനായി ട്രഷറി വകുപ്പിന് അനുവദിച്ചു നൽകുന്നതിന്, കോഴിക്കോട് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയതിലേക്കുള്ള നടപടികൾ റവന്യൂ വകുപ്പിൽ പുരോഗമിച്ചു വരികയുമാണ്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്കും പുതിയ അക്രെഡിറ്റഡ് ഏജൻസിയെ അനുവദിച്ചു ലഭ്യമാകുന്ന മുറയ്ക്കും DPR തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം വകുപ്പിൽ നിന്നും അക്രെഡിറ്റഡ് ഏജൻസിക്ക് നൽകുന്നതാണ് . |
| (ഡി) | എങ്കിൽ ഏത് ഏജൻസി/വകുപ്പ്/എഞ്ചിനീയറിംഗ് വിഭാഗം മുഖേനയാണ് ഡി.പി.ആർ./എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ ഭരണാനുമതിക്കായി സമർപ്പിക്കേണ്ടത്; വിശദമാക്കാമോ? | (ഡി) | പുതിയ അക്രെഡിറ്റഡ് ഏജൻസിയെ അനുവദിച്ചു ഉത്തരവാകുന്ന മുറയ്ക്കും , സ്ഥലം ലഭ്യമാകുന്ന മുറയ്ക്കും പ്രസ്തുത അക്രെഡിറ്റഡ് ഏജൻസി മുഖേനെ DPR തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ